**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 509** **23-06-2026-ൽ മറുപടിയ്ക്ക്**

**<u>സോളാർ പദ്ധതി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. മാണി. സി. കാപ്പൻ

ശ്രീ. സണ്ണി ജോസഫ്
(വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ
വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്തെ ഗാർഹിക ഉപഭോക്താക്കൾക്കും മറ്റും സോളാർ പദ്ധതി പ്രകാരം സമയബന്ധിതമായി സോളാർ കണക്ഷൻ ലഭിക്കുന്നില്ല എന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ സോളാർ മീറ്റർ ഉൾപ്പെടെയുള്ളവ സമയബന്ധിതമായി ലഭ്യമാക്കി സോളാർ കണക്ഷൻ നൽകുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

**<u>മറുപടി:</u>** കാലതാമസം സംബന്ധിച്ച വ്യക്തിഗത പരാതികൾ ലഭിക്കുന്ന സാഹചര്യങ്ങളിൽ അവ അടിയന്തരമായി പരിശോധിച്ച് സമയബന്ധിതമായി പരിഹരിച്ച് വരുന്നു. സോളാർ കണക്ഷനുകൾ യഥാസമയം നൽകുന്നതിനായി ആവശ്യമായ നെറ്റ് മീറ്ററുകളുടെ മതിയായ സ്റ്റോക്ക് ഉറപ്പ് വരുത്തിയിട്ടുണ്ട്.

**(ബി)** പ്രസ്തുത പദ്ധതിപ്രകാരം അധികമുള്ള വൈദ്യുതി ഗ്രിഡിലേക്ക് നൽകുമ്പോൾ എത്ര രൂപയാണ് സംസ്ഥാനത്തെ ഗാർഹിക ഉപഭോക്താക്കൾക്കും മറ്റും നൽകിവരുന്നത്; ആയത് ഉപഭോക്താക്കൾക്ക് എത്ര ഇടവേളകൾ കൂടുമ്പോഴാണ് നൽകുന്നത്; വിശദമാക്കാമോ?

**<u>മറുപടി:</u>** 2024-25 സാമ്പത്തിക വർഷം യൂണിറ്റിന് 3.26 രൂപ നിരക്കിലാണ് അധിക വൈദ്യുതി ഗ്രിഡിലേക്കു നൽകുന്നതിനായി ഗാർഹിക ഉപഭോക്താക്കൾക്കും മറ്റും നൽകുന്നത്. സാമ്പത്തിക വർഷത്തിന്റെ അടിസ്ഥാനത്തിലാണ് പ്രസ്തുത തുക ഉപഭോക്താക്കൾക്ക് നൽകി വരുന്നത്.

**സെക്ഷൻ ഓഫീസർ**